**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ താത്കാലികമായി കരാർ വ്യവസ്ഥയിൽ നിയമിച്ച എഞ്ചിനീയർമാർക്ക് വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്

സ.ഉ. (സാധ) നം.3318/12/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 01-12-2012.

---

പരാമർശം:
1. 07-08-2009-ലെ സ.ഉ (എം.എസ്) നം. 157/2009/തസ്വഭവ
2. 15-11-2012-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.1.3. നം. തീരുമാനം
3. 19-11-2012-ലെ സ.ഉ (സാധാ) നം. 3181/2012/തസ്വഭവ
4. 20-11-2012-ലെ സ.ഉ. (സാധ) നം.3199/12/തസ്വഭവ.
5. 21-11-2012-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിടെ 2.2. നം. തീരുമാനം

## ഉത്തരവ്

പരാമർശം 3-ലെ ഉത്തരവ് പ്രകാരം എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പി.എസ്സ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടക്കുംവരെ കരാർ വ്യവസ്ഥയിൽ താത്ക്കാലികമായി എഞ്ചിനീയർമാരെ നിയമിക്കാൻ അനുമതി നൽകിയും പരാമർശം 4-ലെ ഉത്തരവു പ്രകാരം ഇങ്ങനെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർമാർക്ക് 15000/- പ്രതിമാസവേതനം നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം 5-പ്രകാരം കരാർ അടിസ്ഥാനത്തിൽ എഞ്ചിനീയർമാരെ നിയോഗിക്കുമ്പോൾ വിരമിച്ച എഞ്ചിനീയർമാരുടെ സേവനവും ഉപയോഗപ്പെടുത്താമെന്നും എഞ്ചിനീയർമാരുടെ അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രസ് റിലീസ് നൽകാമെന്നും, ബന്ധപ്പെട്ട ബ്ലോക്ക് എഞ്ചിനീയറുടെ അഭിപ്രായം കൂടി സ്വീകരിച്ച് അതത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് എഞ്ചിനീയർമാരെ തെരഞ്ഞെടുക്കാമെന്നും എഞ്ചിനീയറിംഗ് പ്രൊജക്ടുകളുടെ ചെലവിന്റെ കാര്യത്തിൽ അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ ഡ്രായിംഗ്-ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിക്കാമെന്നും തീരുമാനമുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 21-11-2012-ലെ മേൽ തീരുമാനം സർക്കാർ വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

എ) എഞ്ചിനീയർമാരില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ പി.എസ്സ്.സി. ലിസ്റ്റിൽ നിന്നും നിയമിക്കപ്പെടുംവരെ കരാർ അടിസ്ഥാനത്തിൽ എഞ്ചിനീയർമാരെ നിയമിക്കുമ്പോൾ നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രധാന പത്രങ്ങളിൽ പ്രസ് റിലീസ് നൽകാവുന്നതാണ്.

ബി) ഇങ്ങനെ കരാർ നിയമനം നൽകുമ്പോൾ വിരമിച്ച എഞ്ചിനീയർമാരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.

സി) നിശ്ചിതയോഗ്യതയുള്ള എഞ്ചിനീയർമാരെ ബന്ധപ്പെട്ട ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഭിപ്രായം കൂടി സ്വീകരിച്ച് അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

3. കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന എഞ്ചിനീയർമാർക്ക് സൂചന 3-ലെയും 4-ലെയും ഉത്തരവുകൾ പ്രകാരം അനുവദിച്ച പ്രതിമാസ പ്രതിഫലതുക 15,000/- രൂപയിൽനിന്നും 20,000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. എഞ്ചിനീയറിംഗ് പ്രൊജക്ടുകളുടെ ചെലവിന്റെ കാര്യത്തിൽ അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ ഡ്രായിംഗ്-ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെ. സ്റ്റാൻലി,**
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും
വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും/സബ് ട്രഷറി ഓഫീസർമാർക്കും.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
(23-11-2012-ലെ 62988/ഡി.എ.1/12/തസ്വഭവ. നമ്പർ കുറിപ്പ് പ്രകാരം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തു വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ